ഉത്തരം

(എ, ബി) ഈയടുത്ത കാലംവരെ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോഴില്ല. അതുകൊണ്ട് സീറ്റ് വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല.

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ്

535 [592] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്ത് ഒരു വെറ്ററിനറി കോളേജ് തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇത് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

തെങ്ങുരോഗ നിവാരണത്തിന് നടപടി

536 [593] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കോറിഡ് ബഗ്' രോഗം ബാധിച്ചതിന്റെ ഫലമായി എത്ര ലക്ഷം തെങ്ങുകൾ പൂർണ്ണമായും ഭാഗികമായും നശിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഫലമായി കേര കൃഷിക്കുണ്ടായ മൊത്തം നഷ്ടം എത്ര?

ഉത്തരം

(എ) 'കോറിഡ് ബഗ്' എന്ന കീടത്തിന്റെ ശല്യംമൂലം തെങ്ങുകൾ പൂർണ്ണമായി നശിക്കാറില്ല. എന്നാൽ തെങ്ങിന്റെ വിളവ് ഭാഗികമായി കുറയാറുണ്ട്. എത്ര ലക്ഷം തെങ്ങുകളെ ഈ കീടം ഉപദ്രവിക്കുന്നുവെന്നതിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി, സി) ഈ കീടത്തിന്റെ ആക്രമണത്തിന്റെ വ്യാപ്തിയും അതുണ്ടാക്കുന്ന നഷ്ടവും കണക്കാക്കുവാനായി കേരള കാർഷിക സർവ്വകലാശാലയും സംസ്ഥാന കൃഷി വകുപ്പും ചേർന്ന് ഒരു സർവെ നടത്തി വരുന്നു. ഈ സർവെ പൂർത്തിയാകുമ്പോൾ മാത്രമേ വ്യക്തമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി

537 [594] ശ്രീ. വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി എത്ര;

LIBRARY ARCHIVES Kerala Legislative Assembly